**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 689** **24-08-2022 - ൽ മറുപടിയ്ക്ക്**

**പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികൾ 87% വും ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 7.5% വും പൂർത്തീകരിച്ചു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | ഈ പദ്ധതി 31.03.2023 ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. |
| (സി) | ഈ പദ്ധതിയിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | ഉത്പാദിപ്പിക്കുന്ന വൈദ്യുതി ചക്കിട്ടപാറ സബ് സ്റ്റേഷനിൽ എത്തിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഭൂഗർഭ കേബിളുകൾ, A പോളുകളിലൂടെ പോകുന്ന ലൈനുകൾ എന്നിവ വഴിയാണ് സബ് സ്റ്റേഷനിൽ വൈദ്യുതി എത്തിക്കുന്നത്. |
| (ഡി) | ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ചക്കിട്ടപാറ സബ്സ്റ്റേഷനിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ഡി) | ചക്കിട്ടപാറ അങ്ങാടിയിൽ കൂടിയുള്ള ഭൂഗർഭ കേബിൾ സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി. ഇനി പെരുവണ്ണാമൂഴിയിലെ ഭൂഗർഭ കേബിൾ സ്ഥാപിക്കുവാനുള്ള പണി ചെയ്യുവാനുണ്ട്. A പോളുകൾ 66 എണ്ണം ചക്കിട്ടപാറ പെരുവണ്ണാമൂഴി റൂട്ടിൽ സ്ഥാപിച്ചു കഴിഞ്ഞു. ഇനി A പോളുകളിലൂടെയുള്ള ലൈനിന്റെ പണിയാണ് ബാക്കിയുള്ളത്. |
| (ഇ) | നിലവിലുള്ള പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഇ) | ലൈനുകൾ കടന്നു പോകുന്ന ചക്കിട്ടപാറ പെരുവണ്ണാമൂഴി റോഡിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നത്. റോഡിന്റെ വിന്യാസം അന്തിമമായി തീരുമാനിച്ചിട്ടില്ലാത്ത- തിനാൽ A പോളുകൾ സ്ഥാപിക്കുന്ന സമയത്ത് കേരള റോഡ് ഫണ്ട് ബോർഡ് തടസ്സം ഉന്നയിച്ചിട്ടുണ്ട്. ഈ തടസ്സം നീക്കുന്നതിനായി വിവിധ തലത്തിൽ ചർച്ചകൾക്ക് തുടക്കമിട്ടിട്ടുണ്ട്. പേരാമ്പ്ര ബഹു. എം.എൽ.എയുടെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് നടന്നിട്ടുണ്ട്. തർക്കം തീർന്നതിനു ശേഷം മാത്രം ലൈനിന്റെ പണികൾ ചെയ്താൽ മതിയെന്ന് ഈ യോഗത്തിൽ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. അവ പരിഹരിച്ച് ലൈനിന്റെ പണി എത്രയും വേഗം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ